രാജ്യത്തിലെ സംഗതി മാത്രമേ എന്റെ മനസ്സിലുണ്ടായിരുന്നുള്ളു. അതേ ഞാനിവിടെ പറഞ്ഞിട്ടുള്ളു.

സക്കാർ ഉദ്യോഗങ്ങളിൽ നമ്പൂതിരിമാക്കുള്ള പ്രാതിനിധ്യം.

209. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ജനസംഖ്യയിൽ കുറഞ്ഞതും ഈ രാജ്യത്തെ ഭൂനികുതിയിൽ വലിയ ഒരു ഭാഗം കൊടുത്തുവരുന്നതും ഗവമ്മെണ്ടുദ്യോഗങ്ങളിൽ തീരെ പ്രാതിനിധീകരിക്കാത്തതുമായ നമ്പൂതിരിസമുദായത്തിനു വല്ല പ്രത്യേകതയും ചെയ്തുകൊടുക്കേണ്ടതാണെന്നു് ഗവമ്മെണ്ടിനഭിപ്രായമുണ്ടോ?

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—എന്തു പ്രത്യേകത ചെയ്തു കിട്ടേണ്ടതാണെന്നു് വിശദമായി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ അപ്പോൾ തൊരവുമായി. ആലോചിക്കുന്നതാണു്.

210. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—നമ്പൂതിരിമാരിൽ ഗവമ്മെണ്ടുദ്യോഗത്തിനു തക്ക പഠിപ്പും പ്രാപ്തിയും ഉള്ളവർ ഉണ്ടെന്നു് ഗവമ്മെണ്ടിനറിയാമോ?

രാമവമ്മതമ്പുരാൻ.—അറിയുന്നതിനായി പ്രത്യേകം ശ്രമിച്ചിട്ടില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.—ഈ സംഗതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ ആരും ഇതേവരെ കൊണ്ടുവന്നിട്ടില്ലേ?

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഒരു പെറീഷനോ മറ്റൊ വന്നിട്ടുണ്ടെന്നു തോന്നുന്നു

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—അതിനെപ്പറ്റി ഗവമ്മെണ്ടിൽനിന്നും എന്തുചെയ്തു?

റാവുസാഹിബ്ബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—കൊടുക്കുവാൻ സാധിച്ചില്ല.

Improvement to Thevar road.

211. Mr. E. Ikkanda Warriar.—Will the Government be pleased to state what action, if any, have they taken to improve the Thevar road?

Mr. V. K. Aravindaksha Menon.—Necessary investigations were made and it was found that the work is not of a pressing nature as the locality is not now wanting in communication.

Mr. E. Ikkanda Warriar.—May I know what are the other roads of communication in that locality?

LIBRARY ARCHIVES Kerala Legislative Assembly